**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3647** **12-03-2025 - ൽ മറുപടിയ്ക്ക്**

**വയോജനമേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി. ടി. എ. റഹീം** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | വയോജനമേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | വയോജനമേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം **അനുബന്ധ**മായി ചേർക്കുന്നു. |
| (ബി) | ഓർമവൈകല്യംമൂലം ദുരിതമനുഭവിക്കുന്ന വയോജനങ്ങൾക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഓർമ്മപ്രശ്നങ്ങൾ ഉള്ള വ്യക്തികളുടെ സംരക്ഷണത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ എടവനക്കാട് ഒരു ഫുൾ ടൈം ഡിമെൻഷ്യ കെയർ സെന്ററും തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് ഒരു പകൽ പരിപാലനകേന്ദ്രവും പ്രവർത്തിച്ച വരുന്നു.<br><br>ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 'ഡിമെൻഷ്യ സൗഹൃദ കേരളം' എന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യസുരക്ഷമിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് 'ഓർമ്മത്തോണി'. ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, ആരോഗ്യ സർവകലാശാല (KUHS) തുടങ്ങിയവയുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്.<br>സംസ്ഥാനത്തെ 104 വയോമിത്രം യൂണിറ്റുകൾ കേന്ദ്രീകരിച്ച് മെമ്മറിസ്ക്രീനിങ് ആരംഭിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെമ്മറി ക്ലിനിക്കുകൾ, മരുന്ന് ആവശ്യമുള്ളവർക്ക് ആയവ ലഭ്യമാക്കുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യങ്ങൾ. ഇതോടൊപ്പം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ ഓർമ്മത്തോണി ഡേ കെയർ സെന്ററുകൾ ആരംഭിക്കാൻ വേണ്ട നടപടികളും സ്വീകരിച്ച വരുന്നു. |

| | | | |
|---|---|---|---|
| (സി) | കിടപ്പുരോഗികളായ വയോജനങ്ങൾക്കായി പ്രത്യേക സംരക്ഷണകേന്ദ്രം ഒരുക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ? | (സി) | സാമൂഹ്യനീതി വകുപ്പിന് കീഴിൽ പൂർണ്ണമായും കിടപ്പുരോഗികളുടെ സംരക്ഷണത്തിനായി ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ കിടപ്പു രോഗികൾക്കായുള്ള ഒരു വൃദ്ധസദനം 2024 മാർച്ച് 12 മുതൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ഥാപനത്തിൽ 25 താമസക്കാരെ പാർപ്പിക്കാവുന്നതാണ്. സ്ഥാപനത്തിൽ കിടപ്പു രോഗികളെ പരിചരിക്കുന്നതിനാവശ്യമായ ആധുനിക സൗകര്യങ്ങളും ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. കിടപ്പുരോഗികളായ മുതിർന്ന പൗരന്മാർക്ക് സ്ഥാപനതല സംരക്ഷണം ലഭ്യമാക്കുന്നതിനായി സാമൂഹ്യ നീതി വകുപ്പ് മുഖേന ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് വയോസാന്ത്വനം പദ്ധതി. കിടപ്പുരോഗികളായ വയോജനങ്ങൾക്ക് അവരുടെ വീട്ടുകളിലെത്തി പാലിയേറ്റിവ് പരിചരണം നൽകുന്നതിനുള്ള പദ്ധതികൾ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സ്ഥാപനതല സംരക്ഷണം :- സാമൂഹ്യനീതി വകുപ്പിന് കീഴിൽ 17 വൃദ്ധസദനങ്ങൾ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിൽ ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ കിടപ്പുരോഗികൾക്ക് മാത്രമായി ഒരു വൃദ്ധസദനവും പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിൽ നിരാലംബരായ വ്യക്തികളെയാണ് പാർപ്പിച്ചു വരുന്നത്. നിലവിൽ ഏകദേശം 789 താമസക്കാർ പ്രസ്തുത സ്ഥാപനങ്ങളിൽ താമസക്കാരായിട്ടുണ്ട്.സർക്കാർ ഗ്രാൻറ് നൽകുന്ന എൻ ജി ഒ നടത്തുന്ന 199 വൃദ്ധസദനങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്.

സ്മൃതിപഥം :-ഡിമെൻഷ്യബാധിതരായ വ്യക്തികളുടെ സംരക്ഷണത്തിനായി സാമൂഹ്യനീതി വകുപ്പ് , Alzheimer's & Related Disorders Society of India (ARDSI) യുടെ സഹായത്തോടെ 2014-15 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്മൃതിപഥം . പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ എടവനക്കാട് ഒരു ഫുൾ ടൈം ഡിമെൻഷ്യ കെയർ സെൻ്ററും തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് പകൽ പരിപാലന കേന്ദ്രവും പ്രവർത്തിച്ചു വരുന്നു.

Kerala State Resource Centre for Older People :- സാമൂഹ്യനീതി വകുപ്പ് വയോജന മേഖലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയവും സാങ്കേതികവുമായ പിന്തുണ നൽകുന്നതിനും വകുപ്പ് ആവശ്യപ്പെടുന്നപക്ഷം വയോജനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും പോളിസികളും പരിശോധിച്ച് കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്ന വിവിധ സർക്കാർ, സർക്കാരിതര ഏജൻസികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കുക, കെയർ ഗിവർമാർക്ക് പരിശീലനം നൽകുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ആരംഭിച്ച പദ്ധതിയാണിത്. നിലവിൽ ഈ പദ്ധതി മുഖേന എല്ലാ ഓൾഡ് ഏജ് ഹോമിലെയും MTCP, ആയ എന്നീ ജീവനക്കാർക്ക് ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്.

വയോരക്ഷ പദ്ധതി:- സാമൂഹികപരമായും സാമ്പത്തികപരമായും ശാരീരികപരമായും വെല്ലുവിളികൾ നേരിടുന്ന മുതിർന്നപൗരന്മാർക്ക് അടിയന്തര സാഹചര്യങ്ങളിൽ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2021-22 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് വയോരക്ഷ. അടിയന്തര പ്രാഥമിക ശുശ്രൂഷ, അടിയന്തര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, പുനരധിവാസം, കെയർഗിവറെ അനുവദിക്കുക, അത്യാവശ്യ ഘട്ടങ്ങളിൽ സഹായ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം അനുവദിക്കുക, ഉപേക്ഷിക്കപ്പെട്ട വയോജനങ്ങളുടെ പുനരധിവാസം, ഭക്ഷണം എന്നിവയാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ.

മന്ദഹാസം പദ്ധതി:-ദന്തനിര നഷ്ടപ്പെടുന്ന വയോജനങ്ങൾക്ക് കൃത്രിമ ദന്തനിര സൗജന്യമായിവച്ചു നൽ കുന്നതിന് സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മന്ദഹാസം. 2016 മുതൽ പ്രസ്തുത പദ്ധതി നിലവിലുണ്ട്. ബി.പി.എൽ കുടുംബങ്ങളിലെ 60 വയസ്സ് പൂർത്തിയായ മുതിർന്നപൗരന്മാർക്ക് ഈ പദ്ധതിയിൽ അപേക്ഷ നൽകാവുന്നതാണ്. നിലവിൽ സാമൂഹ്യനീതി വകുപ്പിന്റെ സുനീതി പോർട്ടൽ എന്ന വെബ് സൈറ്റ് (suneethi.sjd.kerala.gov.in) മുഖേന സ്വീകരിക്കുന്ന അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർ മാർ പരിശോധിക്കുകയും മാനദണ്ഡങ്ങൾ പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർക്ക് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾ മുഖേന കൃത്രിമ ദന്തനിര (full denture set) വച്ച് നൽകുകയും ചെയ്യുന്നു. അപേക്ഷകന് ദന്തനിര വച്ച് നൽകുന്നതിനായി ബന്ധപ്പെട്ട ആശുപത്രിക്ക് ഒരു ഗുണഭോക്താവിന് 10000/-രൂപ എന്ന ക്രമത്തിൽ അനുവദിക്കുന്നു.

വയോഅമൃതം പദ്ധതി:-ആരും സംരക്ഷിക്കുവാനില്ലാതെ മാനസികമായി തളർന്ന് വാർദ്ധക്യസഹജമായ രോഗങ്ങളാൽ ക്ഷീണിതരായി സർക്കാർ സദനങ്ങളിൽ ആരോഗ്യസംരക്ഷണത്തിനും എത്തപ്പെടുന്ന വയോജനങ്ങളുടെ സാന്ത്വന പരിചരണത്തിനും വേണ്ടി സാമൂഹ്യനീതി വകുപ്പും ഭാരതീയ ചികിത്സാ വകുപ്പും സംയുക്തമായി സംസ്ഥാനത്തെ 14 ജില്ലകളിൽ 2014-15 വർഷം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് വയോഅമൃതം. ഓരോ വർഷവും ഏകദേശം എണ്ണൂറോളം വയോജനങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. താമസക്കാർ അനുഭവിക്കുന്ന ഒറ്റപ്പെടൽ ,മാനസിക സമ്മർദ്ദം, ആരോഗ്യപ്രശ്നങ്ങൾ, രോഗങ്ങൾ എന്നിവക്ക് ആയുർവേദ ശാസ്ത്രവിധി പ്രകാരം ചികിത്സയും സാന്ത്വന പരിചരണവും നൽകി വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുകയും അതുവഴി മാനസികമായി അനുഭവപ്പെട്ടിരുന്ന ബുദ്ധിമുട്ടുകളെ ഫലപ്രദമായി നേരിട്ട് വയോജനങ്ങളെ പൊതു സമൂഹത്തിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്നതാണ്.

വയോമധുരം പദ്ധതി:-ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പ്രമേഹ രോഗികളായ വയോജനങ്ങൾക്ക് സൗജന്യമായി ഗ്ലൂക്കോമീറ്ററുകൾ ലഭ്യമാക്കുന്ന പദ്ധതിയാണിത്. . സാമൂഹ്യനീതി വകുപ്പിന്റെ സുനീതി പോർട്ടൽ (suneethi.sjd.kerala.gov.in) എന്ന വെബ് സൈറ്റ് മുഖേനയാണ് അപേക്ഷ സ്വീകരിക്കുന്നത്. അർഹരായ അപേക്ഷകർക്ക് ഗ്ലൂക്കോമീറ്ററുകൾ സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുന്നു.

MWPSC ആക്ട് 2007 ന്റെ നിർവ്വഹണം:- 2009 ലെ മാതാപിതാക്കളുടെയും മുതിർന്നപൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും റൂൾസ് സംസ്ഥാനത്ത് നിലവിൽ വന്നതിന് ശേഷം സംസ്ഥാനത്തെ റവന്യൂ

ഡിവിഷണൽ ഓഫീസർമാരെ മെയിന്റനൻസ് ട്രൈബ്യൂണലുകളിലെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചു. 2015 മുതൽ ട്രൈബ്യൂണലുകളിൽ മുതിർന്നപൗരന്മാർ സമർപ്പിക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് വകുപ്പിൽ നിന്നും അടിയന്തര നടപടി സ്വീകരിക്കുന്നതിന് ആരംഭിച്ചു. 2018 മുതൽ മെയിന്റനൻസ് ട്രൈബ്യൂണലുകളിലെ കേസ് നടത്തിപ്പിന് RDO മാരെ സഹായിക്കുന്നതിനായി ട്രൈബ്യൂണലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെയും കൺസീലിയേഷൻ ഓഫീസർ മാരെയും നിയമിക്കുന്ന പദ്ധതി ആരംഭിച്ചു. കേരളത്തിൽ 27 ട്രൈബ്യൂണലുകളിലായി 27 ടെക്നിക്കൽ അസിസ്റ്റന്റുമാരെയും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഒരു സ്റ്റേറ്റ് കോ-ഓർഡിനേറ്ററുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കേസുകൾ സമയബന്ധിതമായി തീർക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കൽ, മെഡിക്കൽ ക്യാമ്പുകൾ, ആക്ട് സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നു.

<u>സായംപ്രഭ ഹോം പദ്ധതി:</u>- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾ ക്ക് അധികസൗകര്യങ്ങൾ നൽകികൊണ്ട് തദ്ദേശസ്വയം ഭരണ വകുപ്പിൻ കീഴിലുള്ള പകൽപരിപാലന കേന്ദ്രങ്ങളെ നവീകരിക്കുന്ന സായാപ്രഭ ഹോം പദ്ധതി 2018 -ൽ ആരംഭിച്ചു. ബന്ധപ്പെട്ട പഞ്ചായത്ത് /മുനിസിപ്പാലിറ്റി/ കോർപ്പറേഷനിലെ 60 വയസ്സുകഴിഞ്ഞ മുതിർന്നപൗരന്മാരെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. 60 വയസ്സ് കഴിഞ്ഞവർക്ക് പഞ്ചായത്തുതലത്തിൽ പകൽ ഒത്തുകൂടുന്നതിന് സൗകര്യമൊരുക്കുക, വൃദ്ധജനങ്ങൾക്ക് മാനസിക ശാരീരിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്.

<u>വയോസേവന അവാർഡ് പദ്ധതി</u> :-വയോജനങ്ങളുടെ ക്ഷേമവും, സുരക്ഷയും ഉറപ്പ് വരുത്തുന്നതിനായി വിവിധ പദ്ധതികളും, പ്രവർത്തനങ്ങളും നടപ്പിലാക്കുന്ന സർക്കാർ, സർക്കാരിതര സംഘടനകൾ, വ്യക്തികൾ എന്നിവരെ ആദരിക്കുന്നതിനായി "വയോസേവന 'അവാർഡ്' എന്ന നാമകരണത്തിൽ സംസ്ഥാനതല അവാർഡ് നല്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

<u>മാതൃകാ സായംപ്രഭ പദ്ധതി</u> :- വയോജനങ്ങൾക്ക് പകൽസമയം ഉല്ലാസപൂർവ്വം ചെലവഴിക്കുന്നതിനും സ്വയംതൊഴിൽ പരിശീലിക്കുന്നതിനും വിവിധ സേവനങ്ങളും ശുശ്രൂഷ സംവിധാനങ്ങളും ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ ഹെല്പ് ഏജ് ഇന്ത്യ എന്ന സന്നദ്ധ സംഘടനയുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നു.

<u>വയോമിത്രം</u> :-സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന സാമൂഹ്യ സുരക്ഷ ആവശ്യമായ 65 വയസ്സ് കഴിഞ്ഞ മുതിർന്നപൗരന്മാർക്ക് മാനസിക ഉല്ലാസവും, ആരോഗ്യപരിരക്ഷയും അവരവരുടെ സ്ഥലങ്ങളിൽ ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടി 2011- മുതൽ " വയോമിത്രം" പദ്ധതി കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. വയോമിത്രം പദ്ധതി നിലവിൽ 6 കോർപ്പറേഷനുകൾ, 85 മുനിസിപ്പാലിറ്റികൾ, 4 ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നടപ്പിലാക്കി വരുന്നു. ടി 95 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 107 യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

<u>ഓർമ്മത്തോണിപദ്ധതി</u>

ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'ഡിമെൻഷ്യ സൗഹൃദ കേരളം' എന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യസുരക്ഷമിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് 'ഓർമ്മത്തോണി'. ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, ആരോഗ്യ സർവകലാശാല (KUHS) തുടങ്ങിയവയുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്.

സംസ്ഥാനത്തെ 104 വയോമിത്രം യൂണിറ്റുകൾ കേന്ദ്രീകരിച്ച് മെമ്മറിസ്ക്രീനിങ് ആരംഭിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെമ്മറി ക്ലിനിക്കുകൾ, മരുന്ന് ആവശ്യമുള്ളവർക്ക് ആയവ ലഭ്യമാക്കുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യങ്ങൾ. ഇതോടൊപ്പം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ ഓർമ്മത്തോണി ഡേ കെയർ സെന്ററുകൾ ആരംഭിക്കാൻ വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു.

<u>തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരം വയോജനങ്ങൾക്ക് നല്കി വരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.</u>

വയോജനങ്ങളുടെ ക്ഷേമത്തിനും ആവശ്യമുള്ളവർക്ക് സാന്ത്വന പരിചരണം ലഭ്യമാക്കുന്നതിനും വേണ്ടി പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്. സി.എസ്.പി, റ്റി.എസ്.പി വിഹിതങ്ങൾ എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനം തുക വാർഷിക പദ്ധതിയിൽ നിർബന്ധമായും നീക്കിവെയ്ക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വയോജനക്ഷേമത്തിനും പാലിയേറ്റീവ് കെയറിനുമായി വാർഷിക പദ്ധതിയിൽ ഒരു പ്രത്യേക പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്നുണ്ട്. വയോജനങ്ങളുടെ ക്ഷേമത്തിനായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു

- വയോജനങ്ങൾക്ക് ശാരീരിക – മാനസിക, സാംസ്കാരിക, പിന്തുണാ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾ
- വയോജനങ്ങൾക്ക് യോഗ പരിശീലനം
- വിനോദകേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ
- വയോജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന കെടിടങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും റാമ്പ്, കുടിവെള്ളം, ടോയ് ലറ്റ്, ഇരിപ്പിടം മുതലായ സൗകര്യങ്ങളും, ആശുപത്രികളിൽ വയോജനങ്ങൾക്ക് പ്രത്യേകം ക്യൂവിനുള്ള സംവിധാനങ്ങളും
- പകൽ വീടുകൾ, വയോജന പരിപാലനകേന്ദ്രം (Old Age Home)
- വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം
- ശാരീരിക പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങൾക്ക് അനുയോജ്യമായ സഹായ ഉപകരണങ്ങൾ (ഹിയറിംഗ് എയ്ഡ്, വീൽച്ചെയർ, വാക്കർ എന്നിവ), പരിഹാര സംവിധാനങ്ങൾ മുതലായവ
- പുതിയ പൊതു കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവ വയോജന സൗഹൃദമാണെന്ന് ഉറപ്പ് വരുത്തൽ.
- വയോ ക്ലബ്ബുകൾ (പകൽ സമയത്ത് പ്രവർത്തിക്കുന്ന വിശ്രമ– വിനോദകേന്ദ്രങ്ങൾ)
- വയോജനങ്ങൾക്ക് കട്ടിൽ – 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക്
- ഇടുക്കി, വയനാട് ജില്ലകളിലെ ഹൈറേഞ്ച് പ്രദേശത്തു താമസിക്കുന്ന 60 വയസ്സുകഴിഞ്ഞ വയോജനങ്ങൾക്കും പാലിയേറ്റീവ് രോഗികൾക്കും കമ്പിളിപുതപ്പ്